# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1208** **14.06.2012-ൽ മറുപടിക്ക്**

**ഇരിണാവ് പാലം നിർമ്മാണം**

ശ്രീ. റ്റി.വി. രാജേഷ് :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച ഇരിണാവ് പാലത്തിന്റെ നിർമ്മാണപ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കും ; പ്രവൃത്തി തുടങ്ങാൻ കാലതാമസം നേരിടുന്നതെന്തുകൊണ്ടാണ് ; വിശദാംശം നൽകാമോ ?

മറുപടി

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(മരാമത്ത് വകുപ്പ് മന്ത്രി)

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട ഇരിണാവ് പാലം നിർമ്മാണത്തിനായി മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് നമ്പർ 1044/2009/പി. ഡബ്ളിയു.ഡി തീയതി 14.07.2009 പ്രകാരം 925 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. മാന്ദ്യ വിരുദ്ധ പദ്ധതി പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് സൗജന്യമായി ഭൂമി ലഭ്യമാക്കണമെന്ന ഗവൺമെന്റ് നിർദ്ദേശം നിലവിലുണ്ട്. ഇരിണാവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഇരുകരകളിലുള്ള ഭൂമി സൗജന്യമായി ലഭിക്കാത്തതിനാൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിച്ചിട്ടില്ല. ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഭൂമി ഏറ്റെടുക്കുന്ന നടപടി പൂർത്തിയാകുന്ന മുറയ്ക്ക് വിശദമായി എസ്റ്റിമേറ്റ് തയ്യാറാക്കി പാലം നിർമ്മാണത്തിനുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ